**POLICE** **DEPARTMENT**

**KERALA**

**No.D3-176333/2021/PHQ**
Police Headquarters,
Thiruvananthapuram
✉phq.pol@kerala.gov.in
✆04712721547
Dated. 24-11-2021

## Circular. 31/2021/PHQ

Sub : 2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ കുറ്റകൃത്യങ്ങൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്.

Ref : 1. 2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമം (2016-ലെ 49-ാം കേന്ദ്ര നിയമം)
2. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 09-09-2021-ലെ 3015/COMM/എസ് 2/2021/എസ്. സി. പി. ഡബ്ല്യ.ഡി. നമ്പർ കത്ത്.

ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച 2016-ലെ പുതിയ കേന്ദ്ര നിയമം 2017-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പുതിയ നിയമത്തിലെ വ്യവസ്ഥകളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് അവഗാഹമുണ്ടായിരിക്കേണ്ടതിൻറെ ആവശ്യകത സൂചനയിലെ രണ്ടാം നമ്പർ കത്തിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്.

2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ അധ്യായം 16 പ്രസ്തുത ആക്ടിൻ കീഴിലുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. ഭിന്നശേഷിക്കാർക്കെതിരെ കുറ്റകൃത്യം ചെയ്യപ്പെട്ടുവെന്ന് ബോധ്യമാകുന്ന കേസുകളിൽ പ്രസ്തുത അദ്ധ്യായത്തിലെ വകുപ്പുകൾ കൂടി ബാധകമാണോയെന്നു പരിശോധിച്ച് അവ പ്രസക്തമായ രീതിയിൽ മറ്റു പൊതുനിയമങ്ങളിലെ വ്യവസ്ഥകൾക്കൊപ്പം ചേർക്കുന്നത് ഭിന്നശേഷിക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് സഹായകരമാകുമെന്നു കാണുന്നു. അതിനാൽ ഭിന്നശേഷിക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ 2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ അധ്യായം 16-ലെ വ്യവസ്ഥകൾ കൂടിപരിഗണിച്ചായിരിക്കണം കേസ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് ഇതിനാൽ കർശനമായി നിർദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥരും പരിപാലിക്കുന്നുണ്ടെന്നു മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

Anil Kant IPS
State Police Chief

To : ലിസ്റ്റ് എ/ബി/സി/ഡി-ലെ എല്ലാ ഉദ്യോഗസ്ഥർക്കും

Copy To : പി.എച്ച്.ക്യു-ലെ എല്ലാ ഉദ്യോഗസ്ഥർക്കും/സംസ്ഥാന പോലീസ് മേധാവിയുടെ സി എ
എല്ലാ യൂണിറ്റ് തലവന്മാർക്കും/ എല്ലാ എസ് ഡി പി ഒ-മാർക്കും/എല്ലാ എസ് എച്ച് ഒ-മാർക്കും
The State Commissioner for Persons with Disabilities, Anjaneya, T. C.-9/1023 (1), Ground Floor, Sasthamangalam, Thiruvananthapuram-695 010
സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

D3-176333/2021/PHQ a00b6a